**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5858 | 28.03.2018 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ചെറുപ്പ സി.എച്ച്.സി- യിൽ ഡയാലിസിസ് യൂണിറ്റ്

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെറൂപ്പ സി.എച്ച്.സി- യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ചുള്ള ചെറൂപ്പ സി.എച്ച്.സി- യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥലം എം.എൽ.എ. ആവശ്യപ്പെട്ടത് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും ഉൾപ്പെടുത്തി ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇതിനുവേണ്ടി എം.എൽ.എ.യുടെ നിയോജക മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ഇതുവരെയായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (ബി) | എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഡയാലിസിസ് സെന്ററിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിനാവശ്യമായ ഡോക്ടർമാരെയും മറ്റു ജീവനക്കാരെയും കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | നിലവിൽ ഡോക്ടർമാരെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റുള്ള ജീവനക്കാരുടെ ഗണ്യമായ കുറവുള്ളതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരം ഡോക്ടർമാർ ഒഴികെയുള്ള ജീവനക്കാരെ നിയമിക്കുന്ന കാര്യം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും യോഗത്തിൽ ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് ധാരണയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ